**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 533** **10-02-2025 - ൽ മറുപടിയ്ക്ക്**

**ഫ്ലഡ് സെസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഫ്ലഡ് സെസ് ഇനത്തിൽ എത്ര രൂപ പിരിഞ്ഞ് കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 01.08.2019 മുതൽ 2 വർഷക്കാലത്തേക്ക് ഏർപ്പെടുത്തിയ പ്രളയ സെസ്സ് ഇനത്തിൽ<br><br>30.11.2024വരെ ലഭ്യമായിട്ടുള്ള തുക 2244.88 (Provisional) കോടി രൂപയാണ്. |
| (ബി) | ഫ്ലഡ് സെസ് പ്രാബല്യത്തിൽ ഉണ്ടായിരുന്ന കാലയളവിൽ സംസ്ഥാനത്തെ ബി2ബി ടാക്സബിൾ ടേണോവർ എത്ര രൂപയായിരുന്നുവെന്ന വിവരം നൽകാമോ; പ്രസ്തുത കാലയളവിലെ റിട്ടേണുകൾ പരിശോധിച്ചപ്പോൾ ഫ്ലഡ് സെസ് വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വർഷം തിരിച്ച് എത്ര തുക കണ്ടെത്തിയെന്ന് വ്യക്തമാക്കാമോ; | (ബി) | ജി.എസ്.ടി. സംവിധാനത്തിൽ ചരക്കുകളുടെയും സേവനങ്ങളുടെയും വ്യവസ്ഥാപിതമായ തരംതിരിക്കൽ നിർവഹിച്ചിരിക്കുന്നത് HSN (Harmonised System Nomenclature) അടിസ്ഥാനത്തിലാണ്. നിലവിലുള്ള ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിൽ ഒരു നികുതിദായകൻ ടിയാൻ സപ്ലൈ ചെയ്യുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ആകെ വിറ്റുവരവ് മൊത്തമായി കണക്കാക്കി ആണ് "ഔട്ട് വേർഡ് സപ്ലൈസ് (B2B & B2C)" GSTR-3B പ്രകാരം രേഖപ്പെടുത്തുന്നത്. ആയതിനാൽ ഫ്ലഡ് സെസ് പ്രാബല്യത്തിൽ ഉണ്ടായിരുന്ന കാലയളവിൽ സംസ്ഥാനത്തെ ബി2ബി ടാക്സബിൾ ടേണോവറിന്റെ വിവരങ്ങൾ ലഭ്യമല്ല.<br><br>പ്രളയ സെസ് റിട്ടേൺ ഫയൽ ചെയ്യാത്തവരുടെയും തെറ്റായി ഫയൽ ചെയ്തവരുടെയും നികുതി നിർണ്ണയ നടപടികൾ GST നികുതി നിർണ്ണയ നടപടികളോടൊപ്പം നടന്നു വരികയാണ്. |
| (സി) | ഫ്ലഡ് സെസ് പ്രാബല്യത്തിൽ ഉണ്ടായിരുന്ന കാലയളവിലെ ഓരോ വർഷത്തെയും സ്വർണ്ണം, ഡയമണ്ട് എന്നിവയുടെ ടേണോവർ പ്രത്യേകം തരം തിരിച്ച് നൽകാമോ; | (സി) | ജി.എസ്.ടി. സംവിധാനത്തിൽ ചരക്കുകളുടെയും സേവനങ്ങളുടെയും വ്യവസ്ഥാപിതമായ തരംതിരിക്കൽ നിർവഹിച്ചിരിക്കുന്നത് HSN (Harmonised System Nomenclature) അടിസ്ഥാനത്തിലാണ്. നിലവിലുള്ള ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിൽ ഒരു നികുതിദായകൻ ടിയാൻ സപ്ലൈ ചെയ്യുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ആകെ വിറ്റുവരവ് മൊത്തമായി കണക്കാക്കി ആണ് "ഔട്ട് വേർഡ് സപ്ലൈസ് (B2B |

| | | | |
|---|---|---|---|
| | | | & B2C)" രേഖപ്പെടുത്തുന്നത്. റിട്ടേണിൽ നികുതി നിരക്ക് തിരിച്ചോ HSN കോഡ് തിരിച്ചോ ഉള്ള വിറ്റുവരവിന്റെ കണക്കുകൾ ഒരു നികുതിദായകൻ രേഖപ്പെടുത്തുന്നില്ല. ഈ കാരണങ്ങളാൽ സ്വർണ്ണം, ഡയമണ്ട് എന്നിവയുടെ ടേണോവർ പ്രത്യേകം തരംതിരിച്ച് കൃത്യമായി കണക്കാക്കുക പ്രായോഗികമല്ല. |
| (ഡി) | സെൻട്രൽ ജി.എസ്.ടി. വകുപ്പ് നടത്തിയ പരിശോധനകളിൽ ഫ്ലഡ് സെസ്സിന് ആനുപാതികമായ ബി2ബി ടേണോവറിൽ ടി സെസ് ഈടാക്കി എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; | (ഡി) | കേരള ഫ്ലഡ് സെസ്സ് ചട്ടങ്ങൾ പ്രകാരം ഫ്ലഡ് സെസ്സ് ബാധകമാകുന്നത് രജിസ്ട്രേഷൻ ഉള്ള വ്യക്തികൾ രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾക്ക് നടത്തുന്ന സംസ്ഥാനത്തിനകത്തുള്ള സപ്ലൈകൾക്ക് (ബി2സി) മാത്രമാണ്. ബി2ബി സപ്ലൈകൾക്ക് ഫ്ലഡ് സെസ്സ് ബാധകമല്ല. |
| (ഇ) | കേന്ദ്ര ജി.എസ്.ടി. വകുപ്പിന്റെ പക്കൽ നിന്നും ഈ കാലയളവിലെ നികുതി നിർണ്ണയ ഫയലുകൾ വാങ്ങി പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ഇ) | കേരള ഫ്ലഡ് സെസ്സ് ചട്ട പ്രകാരം കേന്ദ്ര, സംസ്ഥാന ചരക്കു സേവന നികുതി നിയമങ്ങളിലും ചട്ടങ്ങളിലും പ്രതിപാദിച്ചിരിക്കുന്ന അതോറിറ്റികൾ, അസ്സെസ്സ്മെന്റ്, ഓഡിറ്റ്, റിട്ടേൺ ഫയലിംഗ്, ഷോർട്ട് ലെവി, റിക്കവറി, പെനാൽറ്റി തുടങ്ങിയവ കേരള ഫ്ലഡ് സെസ്സ് ഈടാക്കുന്നതിനും ബാധകമാണ്. അതനുസരിച്ച് സെൻട്രൽ ജി.എസ്.ടി. അധികാരികൾ പുറപ്പെടുവിക്കുന്ന ഫ്ലഡ് സെസ്സുമായി ബന്ധപ്പെട്ടുള്ള നികുതി നിർണ്ണയ ഉത്തരവുകളിൽ ആവശ്യമായ റിവ്യൂ നടത്തി കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിയമപരമായി അധികാരപ്പെട്ടിരിക്കുന്നത് പ്രസ്തുത ഉത്തരവുകൾ ഇറക്കുന്ന പ്രോപ്പർ ഓഫീസറുടെ സെൻട്രൽ ജി.എസ്.ടി. യിലെ തന്നെ മേലുദ്യോഗസ്ഥരാണ്. സ്റ്റേറ്റ് ജി.എസ്.ടി.-യിൽ ഇപ്രകാരം പുറപ്പെടുവിക്കുന്ന നികുതി നിർണ്ണയ ഉത്തരവുകൾ തുടർ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്താനും ആവശ്യമെങ്കിൽ തുടർ നികുതി നിർണ്ണയം നടത്തുന്നതിനും സ്റ്റേറ്റ് ജി.എസ്.ടി.യിലെ മേലുദ്യോഗസ്ഥരാണ് നിയമപ്രകാരം അധികാരപ്പെട്ടിരിക്കുന്നത്. 2017-ലെ സംസ്ഥാന ചരക്കു സേവന നികുതി നിയമത്തിലെ സെക്ഷൻ 6(2) (b) പ്രകാരം കേന്ദ്ര ചരക്കു സേവന നികുതി നിയമത്തിന്റെ കീഴിലെ ഒരു പ്രോപ്പർ ഓഫീസർ നടപടിക്രമങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെങ്കിൽ, അതേ വിഷയത്തെ സംബന്ധിച്ച് സംസ്ഥാന ചരക്കു സേവന നികുതി നിയമത്തിന്റെ കീഴിലെ പ്രോപ്പർ ഓഫീസർ ഒരു നടപടിക്രമങ്ങൾക്കും തുടക്കം കുറിക്കാൻ പാടുള്ളതല്ല.<br><br>പ്രസ്തുത രീതിയിലുള്ള നികുതി നിർണ്ണയ ഉത്തരവുകളുടെ റിവ്യൂ മെക്കാനിസം സെൻട്രൽ |

| | | | |
|---|---|---|---|
| | | | ജി.എസ്.ടി. വകുപ്പിലും സ്റ്റേറ്റ് ജി.എസ്.ടി. വകുപ്പിലും നടന്നുവരുന്നതിനാൽ കേന്ദ്ര നികുതി നിർണ്ണയ ഫയലുകളിൽ തുടർ പരിശോധന നടത്തേണ്ട സാഹചര്യം നിലനിൽക്കുന്നില്ല. |

സെക്ഷൻ ഓഫീസർ